**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4971 01.07.2013-ൽ മറുപടിയ്ക്ക്

## ഗുണ്ടാ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളുടെയും കവർച്ചക്കാരുടെയും ആക്രമണങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ നിയന്ത്രിക്കാനും ക്രമസമാധാന പാലനം ഉറപ്പാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി KAAP Act പ്രകാരമുള്ള നടപടികൾ ശക്തമായി നടപ്പിലാക്കുകയും കുറ്റക്കാർക്കെതിരെ കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) ഗുണ്ടാസംഘങ്ങളുടെ കവർച്ചയും പിടിച്ചുപറിയും സ്ത്രീ പീഡനവും പെരുകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) ഗുണ്ടാസംഘങ്ങളുടെ കവർച്ചയും പിടിച്ചുപറിയും സ്ത്രീ പീഡനവും പെരുകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) ഇത്തരം ക്രിമിനലുകളെ നിയന്ത്രിക്കാൻ പോലീസ് ഫോഴ്സിനെ വിനിയോഗിക്കാൻ തയ്യാറാകുമോ; | (സി) പോലീസിന്റെ ഫലപ്രദമായ ഇടപെടൽ മൂലമാണ് ഇത്തരം ക്രിമിനലുകളെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുള്ളത്. KAAP Act പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരവും സ്ഥിരം കുറ്റവാളികൾക്കെതിരെ പോലീസ് കർശന നടപടികളാണ് സ്വീകരിച്ച് വരുന്നത്. പോലീസ് പട്രോളിംഗ്, രഹസ്യ നിരീക്ഷണം, വാഹന പരിശോധന എന്നിവ നടത്തി ഇവരുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യാൻ കഴിഞ്ഞിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | ജനവിരുദ്ധ നയങ്ങൾക്കും നടപടികൾക്കുമെതിരെ ഉണ്ടാകുന്ന പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ പോലീസ് കാണിച്ചുവരുന്നതായി പറയപ്പെടുന്ന ശുഷ്കാന്തി ക്രിമിനലുകളെ നിയന്ത്രിക്കുന്നതിലും കാണിക്കുമോ? | (ഡി) | ജനകീയ പ്രക്ഷോഭങ്ങളെ പോലീസ് അടിച്ചമർത്തുന്നില്ല. സാമൂഹ്യ വിരുദ്ധ ശക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് അവരുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ